യത്. സ്ലാബിന് യാതൊരു തകരാറുമില്ല. സുരക്ഷിതമായി നിൽക്കുന്നു. ഇനി ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും ഒരു സംശയമുണ്ടെങ്കിൽ ഒരു ടീമിനെ വിട്ടു നോക്കിക്കാം. ഇപ്പോൾ യാതൊരു തകരാറുമില്ല, യാക്കര പാലം ആറുമാസം കൊണ്ട് റിക്കോർഡ് വേഗതയിൽ തീർന്നു എന്നുള്ള കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(4) ഹയർ സെക്കന്ററി അദ്ധ്യാപകനിയമനം സംബന്ധിച്ച പുതിയ വ്യവസ്ഥ പിൻവലിക്കേണ്ടതു സംബന്ധിച്ച്

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, സംസ്ഥാനത്തെ പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുന്ന വളരെ ഗൗരവമായ ഒരു വിഷയം ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക നിയമനം ലഭിക്കണമെങ്കിൽ ഇന്ന് നിലവിലുള്ള നിയമം അനുസരിച്ച് ബിരുദവും ബിരുദാനന്തര ബിരുദവും അതിനുശേഷം അദ്ധ്യാപക പരിശീലനവും അത്തരം ആളുകളിൽ നിന്ന് ഇന്റർവ്യൂ നടത്തിയാണ് ഈ നിയമനങ്ങൾ തുടർന്നുവരുന്നത്. 1990 മുതൽ സംസ്ഥാനത്ത് പ്ലസ് ടു, ഹയർ സെക്കന്റി സ്കൂളുകൾ ആരംഭിച്ചതാണ്. അന്നുമുതൽ നിയമനം കിട്ടിയ ഒട്ടേറെ അദ്ധ്യാപകർ ഇന്ന് ആരംഗത്ത് പണിയെടുക്കുന്നുണ്ട്. ഇപ്പോൾ ഗവൺമെന്റ് ഒരു പുതിയ നിബന്ധന ഏർപ്പെടുത്തിയിരിക്കുന്നത് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ഉദ്യോഗാർത്ഥികൾ പാസ്സാകണമെന്നാണ്. അങ്ങനെ പാസ്സാകുന്ന ഉദ്യോഗാർത്ഥികൾക്കു മാത്രമേ സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് അർഹതയുള്ളൂ എന്നുപറഞ്ഞുകൊണ്ട് പിൻവാതിലിലൂടെ ഒരു മിനി പി.എസ്.സി. പരീക്ഷയ്ക്ക് ഇവരെ നിർബന്ധിതരാക്കുകയാണ്. എനിക്ക് അങ്ങയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുള്ളത് എത്രയോ വിദ്യാഭ്യാസം നടത്തിയാണ് ഒരു എം.എ. അല്ലെങ്കിൽ എം.എസ്.സി. അല്ലെങ്കിൽ ഒരു എം.കോം ബിരുദം കരസ്ഥമാക്കുന്നത്. അതിനുശേഷം ബി.എഡ്, എം.എഡ്. ഇതിനുശേഷമാണ് ഇവർ അദ്ധ്യാപക നിയമനത്തിനുവേണ്ടി അപേക്ഷിക്കുന്നത്. മാത്രമല്ല ഏത് സ്കൂളുകൾ ആണെങ്കിലും യഥാവിധി ഇന്റർവ്യൂ നടത്തി യോഗ്യതയുള്ള ആളുകളെ മാത്രമാണ് അവിടെ നിയമിക്കുന്നത്. സർ, എന്തുകൊണ്ടാണ് സർക്കാർ ഇതുപോലുള്ള ഒരു പുതിയ നിബന്ധന വയ്ക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. ഈ നിബന്ധന പുറത്തുവന്നതിനുശേഷം നമ്മുടെ എല്ലാ പ്രധാനപ്പെട്ട പത്രങ്ങളും ഇതിനെതിരെ വിമർശനങ്ങളുമായി രംഗത്ത് വന്നു. ദീപിക പത്രമാണ് എന്റെ കൈയിലുള്ളത്. 'യോഗ്യതാ പരീക്ഷ എന്തിനുവേണ്ടി, ആർക്കുവേണ്ടി' എന്നു ചോദിക്കുന്ന മുഖപ്രസംഗം, മറ്റു പത്രങ്ങളിലുമുണ്ട്. ഇതിനകത്തുള്ള ഏറ്റവും വലിയ പ്രത്യേകത നവംബർ മാസം മൂന്നാം തീയതിവരെ നിയമനം കിട്ടിയ ആളുകളെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആരെ രക്ഷിക്കാനാണ് സർ? ഒരു കാര്യം അഭ്യർത്ഥിക്കാനുള്ളത്, യോഗ്യത വേണം, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ആണെങ്കിൽ അതിന് എന്ത് നിബന്ധന വച്ചാലും അനുകൂലിക്കുവാൻ തയ്യാറാണ്. പക്ഷേ സർ നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിന്ന് പഠിച്ച് പാസായിവരുന്ന ആളുകൾക്ക് യോഗ്യതയില്ല എന്നാണോ ഗവൺമെന്റ് പറയുന്നത്. എം.എ. പാസാകുന്ന, എം.എസ്.സി. പാസാകുന്ന, എം.എഡ് പാസാകുന്ന ആളുകൾക്ക് അവർക്ക് അത് യോഗ്യതയല്ലേ? എന്നാൽ ആ യോഗ്യത പോരായെന്ന് പറയട്ടെ. അതിനുശേഷം ഒരു എലിജിബിലിറ്റി ടെസ്റ്റ് എന്നുപറഞ്ഞ് ആരെയോ സഹായിക്കാൻവേണ്ടിയുള്ള ഒരു തന്ത്രമായി കാണുന്നു. പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന, ഈ സംസ്ഥാനത്തെ എല്ലാ ആളു

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും പ്രതിഷേധമുള്ള ഈ കാര്യത്തിൽ ബഹുമാന്യനായ മന്ത്രി എത്രയും വേഗം ഈ നിബന്ധന പിൻവലിച്ചുകൊണ്ട് ഉദ്യോഗാർത്ഥികളെ രക്ഷിക്കുവാനുള്ള ഒരു തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്ലസ് ടു കോഴ്സിനുള്ള അദ്ധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് കുറച്ചുകാലമായി തർക്കങ്ങൾ നടക്കുന്നുണ്ട്. കേരള ഹൈക്കോടതിയിൽ ആദ്യം ഒരു കേസ് ഫയൽ ചെയ്തു. അതിൽ ഇരുപത്തിയഞ്ചു ശതമാനം നിലവിലുള്ള ഹൈസ്കൂളുകളിൽ ഉള്ള അദ്ധ്യാപകരെ നിയമിക്കാനും ഏഴുപത്തിയഞ്ചു ശതമാനം ഡയറക്ട് റിക്രൂട്ട് മുഖേന നിയമിക്കാനുമായിരുന്നു വ്യവസ്ഥ. ഹൈക്കോടതിയിൽ അതിന് എതിരെ കേസ് വന്നു. പക്ഷെ കേരള ഹൈക്കോടതി കേരള ഗവൺമെന്റ് എടുക്കുന്ന തീരുമാനത്തെ അംഗീകരിച്ചു. പിന്നീട് സുപ്രീം കോടതിയിൽപോയി. അതുകൊണ്ട് ഇപ്പോഴുള്ള നിയമനങ്ങളൊക്കെ താൽക്കാലിക നിയമനങ്ങളാണ്. സുപ്രീം കോടതിയുടെ വിധിയ്ക്കു വിധേയമായിട്ടേ നിയമനങ്ങൾ സ്വീകരിക്കുകയുള്ളൂ. ഇപ്പോൾ വന്നിരിക്കുന്ന ഒരു തീരുമാനമുണ്ട്. ആ തീരുമാനമനുസരിച്ച് ഇന്ന് ഹൈസ്കൂളുകളിൽ ക്വാളിഫൈഡ് ആയിട്ടുള്ള ടീച്ചേഴ്സ് ഉണ്ടെങ്കിൽ അവരെ നിയമിച്ചശേഷം മാത്രമേ മറ്റ് നിയമനങ്ങൾ നടത്താവൂ എന്നാണ്. അങ്ങനെ വരുമ്പോൾ ഇപ്പോഴുള്ള നിയമനങ്ങളൊന്നും തന്നെ വാലിഡ് അല്ല. ശ്രീ. ജോണി നെല്ലൂർ പറയുകയുണ്ടായി ഈ പരീക്ഷയൊക്കെ പാസ്സാകുന്നവർക്ക് എന്തിനാണ് രണ്ടാമത് ഒരു പരീക്ഷയെന്ന്, കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകാത്ത ആരെയും നിയമിക്കാൻ പാടില്ലായെന്നാണ്. അതാണല്ലോ വ്യവസ്ഥ. ചില എക്സംപ്ഷൻസ് ഉണ്ട്. ഇവിടെയും അങ്ങനെയൊരു എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിനെ എന്തിനാണ് സാർ എതിർക്കുന്നത്. അങ്ങനെയുള്ള എലിജിബിലിറ്റി ടെസ്റ്റിൽ അവരുടെ സബ്ജക്ട് നോളഡ്ജ് വേണം. പേപ്പർ ഒൺ, ഒന്നര മണിക്കൂറിന്റെ ഈ പേപ്പറിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, ജനറൽ നോളജ്, രണ്ട്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, അമ്പത് അമ്പത് മാർക്ക് വീതമാണ്, സെക്കന്റ് പേപ്പർ അവരുടെ കൺസേൺഡ് സബ്ജക്ടിൽ നിന്നാണ്. രണ്ടു മണിക്കൂർ കൊണ്ട് എഴുതേണ്ട ഈ പേപ്പറിന് നൂറു മാർക്ക്, മറ്റേ ഫസ്റ്റ് പേപ്പറിന് അമ്പത് അമ്പത് മാർക്കു വീതം. ഈ തരത്തിലുള്ള ഒരു ടെസ്റ്റാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിനെ എന്തിനാണ് സാർ എതിർക്കുന്നത്. എന്ത് അടിസ്ഥാനത്തിലാണ് എതിർക്കുന്നത്. പിന്നെ ഇവിടെ നവംബർ മൂന്നു വരെയുള്ളവർക്ക് - ഈ അഭിപ്രായം മാനിച്ച് ഒരു എക്സംപ്ഷൻ കൊടുക്കുന്നില്ല, മുഴുവൻ ആളുകളേയും ഇന്ന് നിയമനം കിട്ടിയിരിക്കുന്നവരേയും ഹൈസ്കൂളുകളിൽ യോഗ്യരായിട്ടുള്ളവരേയും എല്ലാപേരേയും ഈ എലിജിബിലിറ്റി ടെസ്റ്റിന് വിധേയമാക്കുകയാണ്. അപ്പോൾ ആർക്കും പരാതി ഇല്ലല്ലോ. പൊതുജനാഭിപ്രായം മാനിച്ച് അങ്ങനെയാണ് ചെയ്യുന്നത്. ആരെയും ഒഴിവാക്കുന്നില്ല, ടെസ്റ്റ് പാസാകുന്നവർക്കുമാത്രമേ അവരുടെ നിയമനം പെർമനന്റാകൂ. ഇപ്പോഴുള്ള നിയമനങ്ങൾ എല്ലാം അഡ്ഹോക്ക് നിയമനങ്ങളാണ്. അങ്ങനെ എലിജിബിലിറ്റി ടെസ്റ്റ് പാസായി യോഗ്യതയുള്ള ആളുകൾ കുട്ടികളെ പഠിപ്പിക്കട്ടെ. അവർക്ക് എതിർക്കേണ്ട ഒരു കാര്യവും ഞാൻ കാണുന്നില്ല. ഹൈസ്കൂൾ അദ്ധ്യാപകർ എലിജിബിലിറ്റി ടെസ്റ്റ് പാസായി അവർ യോഗ്യരാണെന്ന് കണ്ടാൽ അവർക്ക് പ്രൊമോഷൻ കിട്ടും. പ്ലസ് ടു വിലേയ്ക്ക് കിട്ടും. സുപ്രീം കോടതിയുടെ വിധി ആയിട്ടില്ല. ഏതായാലും ഈ എലിജിബിലിറ്റി ടെസ്റ്റ് പാസാകാത്ത ആർക്കും പ്ലസ് ടുവിൽ നിയമനം ഉണ്ടാകുന്നതല്ല. സുപ്രീം കോടതി വിധി ഇതിന് എതി
1093/2010.

LIBRARY ARCHIVES Kerala Legislative Assembly

രായി നിൽക്കുകയില്ല. എൻ.ഇ.ടി. (നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്) കോളേജിൽ ആകാമെങ്കിൽ കോളേജിൽനിന്ന് ഇങ്ങോട്ടു മാറിയ, ഇപ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിയ പ്ലസ് ടുവിൽ അങ്ങനെ ഒരു ടെസ്റ്റിനെ എന്തിനാണ് എതിർക്കുന്നത്? അതുകൊണ്ട് എലിജിബിലിറ്റി ടെസ്റ്റ് പ്ലസ് ടുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കും. അതുകൊണ്ട് എല്ലാ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ഒരു സുപ്രധാന തീരുമാനമാണ് ഇന്ന് അനൗൺസ് ചെയ്തിരിക്കുന്നത്.

(5) ഗോശ്രീ പദ്ധതിയുടെ ഭാഗമായുള്ള കായൽനികത്തലിന് ഭരണാനുമതി

ഡോ. എം.എ. കുട്ടപ്പൻ : സർ, എറണാകുളം പട്ടണത്തിന് പടിഞ്ഞാറ് വലുതും ചെറുതുമായ ദ്വീപസമൂഹത്തിന്റെ വികസനത്തിനായി കൊണ്ടുവന്ന താണല്ലോ ഗോശ്രീ പദ്ധതി. 25 ഹെക്ടർ എറണാകുളം കായൽനികത്തി അങ്ങനെ കിട്ടുന്ന ഭൂമി വിറ്റ് ആ പണം കൊണ്ടാണ് എറണാകുളം വൈപ്പിൻ പാലം പണിയുന്നത്. ഈ പദ്ധതിയുടെ ഒരു പ്രധാനപ്പെട്ട കാര്യം ഈ കായൽ നികത്തുന്നതിന്റെ ഭാഗമായി കായലിൽ കരിങ്കൽ ഭിത്തി കെട്ടുന്ന പണി ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് ആ പണി ചെയ്യുന്നത്. പക്ഷെ ഇന്നുവരെ ഇതിനാവശ്യമായ ഒരു ഭരണാനുമതി കേരളാ ഗവൺമെന്റ് കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കൊടുത്തിട്ടില്ല. രണ്ടു പ്രാവശ്യം ഫയൽ ഫൈനാൻസിന് അയച്ചു. രണ്ടു പ്രാവശ്യവും ഫൈനാൻസിന് ഫയൽ തിരിച്ചയച്ചു. അതുകൊണ്ട് നാളെ ഈ കായൽ നികത്തിയെടുക്കുമ്പോൾ അതിന്റെ ഉടമസ്ഥാവകാശം കൊച്ചിൻ പോർട്ട് ട്രസ്റ്റിന് പോകും. അങ്ങനെ കൊച്ചിൻ പോർട്ട് ട്രസ്റ്റിന് പോകാതിരിക്കണമെങ്കിൽ അടിയന്തിരമായി ഭരണാനുമതി കൊടുക്കണം.

സർ, രണ്ടാമത്തെ വിഷയം ഈ ഗോശ്രീ പദ്ധതിക്ക് മുൻ ഗവൺമെന്റിന്റെ കാലത്ത് രണ്ട് കോടിരൂപയേ ആകെ കൊടുത്തിട്ടുള്ളൂ. ആ പണം തീരാറായി. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നറിയാം. പക്ഷേ, ഈ പാലം പണിയണമെങ്കിൽ മുളവ്കാടും വൈപ്പിനിലുമായി 30-ഓളം കുടുംബങ്ങളെ ഒഴിപ്പിക്കണം. അതിന് നാല്കോടി രൂപ ആവശ്യമാണ്. അതുകൊണ്ട് അടിയന്തിരമായി ഗോശ്രീ പദ്ധതിക്ക് നാല്കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കണം. മൂന്നാമത്തെ കാര്യം ഈ പദ്ധതിക്കുവേണ്ടി സ്റ്റിയറിംഗ് കമ്മിറ്റി കൂടിയിട്ട് ഏഴെട്ട് മാസം കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ജനറൽ കൗൺസിൽ ചേർന്നിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് മൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, അടിയന്തിരമായി അതിന് എ.എസ്. കൊടുക്കണം. രണ്ട്, അടിയന്തിരമായി നാല് കോടി രൂപ കൊടുക്കണം. മൂന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ജനറൽ കൗൺസിൽ അല്ലെങ്കിൽ അങ്ങ് ചെയർമാനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി അടിയന്തിരമായി വിളിച്ചുകൂടി അതിന് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഗോശ്രീ പദ്ധതിയുടെ ഭാഗമായി കായൽ നികത്തുക, മണ്ണുപരിശോധന എന്നിവ ഡെപ്പോസിറ്റ് വർക്കായി കൊച്ചി തുറമുഖട്രസ്റ്റ് ഏറ്റെടുക്കാമെന്ന് സമ്മതിക്കുകയും ഇതിലേയ്ക്ക് വേണ്ടിവരുന്ന ചെലവ് പിന്നീട് നൽകാമെന്ന വ്യവസ്ഥയിൽ ഗവൺമെന്റ് അതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly